(എഫ്) ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു. അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ-1, സ്റ്റേഷൻ ഓഫീസർ -14, ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ -53, ഫയർമാൻ -1010, ക്ലാർക്ക് -1, ടൈപ്പിസ്റ്റ് -2, ഓഫീസ് അറ്റൻഡന്റ് - 2 എന്നീ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 14 സൂപ്പർ ന്യൂമററി തസ്തിക നിലനിൽക്കുന്നതിനാൽ ക്ലാർക്കുമാരുടെ 4 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഫയർമാൻ തസ്തികയിലെ ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ ഫയർ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റും കൊണ്ടോട്ടി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള അനുമതിയും

213 (6363) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) കൊണ്ടോട്ടിയിലെ ഫയർ സ്റ്റേഷന് അനുമതിയായിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോപ്പി ഉൾക്കൊള്ളിക്കുന്നു.*

(സി & ഡി) 21-12-2011 -ലെ ഗവൺമെന്റ് ഉത്തരവ് (സാധാ.) നമ്പർ 3764/2011/ആഭ്യന്തരം പ്രകാരം 5 വർഷത്തിനുള്ളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ 9-ാം നമ്പരായി കൊണ്ടോട്ടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായ ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് വാങ്ങുന്ന ഉപകരണങ്ങൾ

214 (6364) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് 2013-14-ൽ എത്ര തുകയുടെ ഉപകരണങ്ങളാണ് വാങ്ങിയത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉപകരണങ്ങളാണ് വാങ്ങിയത് ;

(സി) ഉപകരണങ്ങൾ വാങ്ങാൻ ഉത്തരവ് നൽകിയത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഓരോ ഉപകരണങ്ങളും സ്റ്റോക്കിൽ സ്വീകരിച്ചത് എപ്പോഴാണ് ;

(ഇ) ഫയർ ഫോഴ്സ് ജീവനക്കാർക്കായി വാങ്ങുന്ന ഉപകരണങ്ങൾ എന്തെല്ലാം ഗുണനിലവാര പരിശോധനകളാണ് നടത്തുന്നത് ;

(എഫ്) സംസ്ഥാന ഗവൺമെന്റിന്റെ ഏത് ഏജൻസിയാണ് യന്ത്ര സാമഗ്രികളുടെ പർച്ചേസിന് അംഗീകാരം നൽകുന്നത് ?

ഉത്തരം

(എ-ഡി) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ 2013-2014 -ൽ വാങ്ങിയ ഉപകരണങ്ങളുടെ തരം, ആയതിലേക്ക് ചെലവായ തുക ഉപകരണങ്ങൾ വാങ്ങാൻ വകുപ്പിൽ നിന്നും ഉത്തരവ് നൽകിയ തീയതി, ഓരോ ഉപകരണങ്ങളും സ്റ്റോക്കിൽ പിടിച്ച തീയതി, എന്നിവ പ്രത്യേകം തയ്യാറാക്കി ഇതോടൊന്നിച്ച് അനുബന്ധം -1 ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.* ടി ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പും ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ഇ) ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാഹനങ്ങളും വാങ്ങുമ്പോൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ് അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാറുണ്ട്. കൂടാതെ നാഷണൽ ഫയർ പ്രൊട്ടക്ഷൻ അസ്സോസിയേഷൻ (U.S), യൂറോപ്യൻ നോംസ്, അണ്ടർ റൈറ്റേഴ്സ് ലബോറട്ടറി സർട്ടിഫിക്കേഷൻ, ഐ.എസ്.ഒ.9001, IRS സർട്ടിഫിക്കേഷൻ, അമേരിക്കൻ നോംസ് മുതലായ ഗുണനിലവാര പരിശോധനകൾ നടത്താറുണ്ട്.

(എഫ്) ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റോർ പർച്ചേസ് വകുപ്പ് അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ് ജോയിന്റ് സെക്രട്ടറി, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് കമാന്റന്റ് ജനറൽ എന്നിവരടങ്ങുന്ന ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റിയാണ് യന്ത്ര സാമഗ്രികളുടെ പർച്ചേസ് ബില്ലിന് അന്തിമ അംഗീകാരം നൽകുന്നത്.

അടൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

215 (6365) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജലവിഭവ വകുപ്പിന്റെ രണ്ടേക്കറോളം ഭൂമി വകുപ്പിന് കൈമാറി കിട്ടുന്നതിനുവേണ്ടി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly